16/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 306*(2)/2022*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **11098**/എസ്.ഐ.സി-ജി 6/22)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. വി.അപ്പുക്കുട്ടൻ,**
**മീങ്കര മത്സ്യഗ്രാമം,**
**എം-പുത്തൂർ, ഗോവിന്ദപുരം പി.ഒ.,**
**മുതലമട, പാലക്കാട്.** — **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**എയിഡഡ് അപ്പർ പ്രൈമറി സ്കൂൾ**
**(എ.യു.പി.എസ്.), പനങ്ങാട്ടരി പി.ഒ.,**
**എലവഞ്ചേരി, പാലക്കാട്.** — **എതിർകക്ഷി**

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. വി.അപ്പുക്കുട്ടൻ, 14.07.2022ന് സമർപ്പിച്ച പരാതി ഹർജി 16.07.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.306(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. ഹർജിക്കാരൻ 01.06.2022ന് എതിർകക്ഷി ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) പനങ്ങാട്ടറി എ.യു.പി. സ്കൂളിൽ നിലവിൽ ആകെ എത്ര UPST, LPST അധ്യാപകർ നിയമനാംഗീകാരം കിട്ടി ജോലി ചെയ്തു വരുന്നുവെന്നും ഇതോടൊപ്പം 2022

ജൂൺ മാസം വരെ മാനേജർ നിയമനം നടത്തുകയും എന്നാൽ നിയമനാംഗീകാരം കിട്ടാതിരിക്കുകയും ചെയ്യുന്ന എത്ര UPST, LPST അധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്നും അവരുടെ പേരു വിവരങ്ങളും യോഗ്യത സംബന്ധിച്ച വിവരങ്ങളും ഓരോരുത്തരേയും മാനേജർ നിയമിച്ച തീയതികളും ലഭ്യമാക്കണമെന്നും

2) 2022 മാർച്ച് മാസത്തേയും ജൂൺ മാസത്തേയും അദ്ധ്യാപകർ ഒപ്പിട്ട ഹാജർ പുസ്തകത്തിന്റെ പകർപ്പുകളും 2021-2022 അധ്യയന വർഷത്തിൽ ലഭിച്ച സ്റ്റാഫ് ഫിക്സേഷൻ ഉത്തരവിന്റെ പകർപ്പുകളും പ്രസ്തുത വർഷത്തേയും 2022-23 വർഷത്തേയും സ്കൂൾ ബിൽഡിംഗ് ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ പകർപ്പുകളും ലഭ്യമാക്കണമെന്നും തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. 16.02.2023 തീയതി കമ്മീഷൻ വീഡിയോ കോൺഫറൻസ് സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് മറുപടി ലഭ്യമായില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന പരാതി. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് വിവരാവകാശ നിയമം വകുപ്പ് 7(8)(ii)(iii) പ്രകാരമല്ല മറുപടി നൽകിയിരിക്കുന്നതെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. കൂടാതെ ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാമത്തെ ചോദ്യത്തിന് വ്യക്തമായ മറുപടി നൽകുന്നതിനായി ടിയാന്റെ അപേക്ഷ വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം കൈമാറാമായിരുന്നുവെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. മാത്രമല്ല 2-ാമത്തെ ചോദ്യത്തിന് വിവരാവകാശ നിയമം വകുപ്പ് 7(3)(a) പ്രകാരമല്ല മറുപടി നൽകിയിരിക്കുന്നതെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ടി വീഴ്ചകൾ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ചകൾ വിവരാവകാശ നിയമം പ്രകാരം ഗുരുതരമാകയാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2023 മാർച്ച് 06-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**
Ge/